ഭൂഗർജ്ജല ദൗർലഭ്യം

58 (3267) ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂഗർഭ ജലഅളവിൽ വൻതോതിൽ കുറവ് നേരിട്ടിരിക്കുന്ന സ്ഥലങ്ങളെ സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) കേന്ദ്ര ഭൂജല ബോർഡിന്റെ ഇത് സംബന്ധമായ റിപ്പോർട്ട് സർക്കാർ പരിഗണിച്ചിട്ടുണ്ടോ ;

(സി) ഭൂഗർജ്ജലം അമിതമായി ചൂഷണം ചെയ്യുന്നതിനെതിരെ ഫലപ്രദമായി എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ ;

(ഡി) ഗുരുതരമായി ഭൂഗർഭജല ദൗർലഭ്യം നേരിടുന്നമേഖലയായി പ്രഖ്യാപിച്ച സ്ഥലങ്ങൾ ഏതൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണിച്ചിട്ടുണ്ട്.

(സി) ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നതിന് എതിരെ ഫല പ്രദമായ നടപടി സ്വീകരിക്കുന്നതിനായി 15-1-2004-ൽ, 2002-ലെ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് പ്രകാരമുള്ള ഭൂജല അതോറിറ്റി നിലവിൽ വന്നു ഭൂജല വികസനത്തിന്റെ നിയന്ത്രണത്തിനും ക്രമീകരണത്തിനും വേണ്ടി ക്രമരഹിതമായി ഭൂജലചൂഷണം ചെയ്യുന്ന പ്രദേശങ്ങളിൽ വിജ്ഞാപനം ചെയ്യൽ. ഭൂജല ഉപഭോക്താവിന്റെ രജിസ്ട്രേഷൻ, പൊതുകുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം എന്നിവയാണ് അതോറിറ്റിയുടെ പ്രധാന പ്രവർത്തനങ്ങൾ.

(ഡി) കേന്ദ്ര ഭൂജല ബോർഡും കേരള സംസ്ഥാന ഭൂജല വകുപ്പും ചേർന്ന് ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റിയുടെ മാനദണ്ഡം അനുസരിച്ച് 1999-ൽ നടത്തിയ പഠനത്തിൽ തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് ബ്ലോക്കും കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ബ്ലോക്കും തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ ബ്ലോക്കും ആണ് ഓവർ എക്സ്പ്ലോയിറ്റഡ് മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളത്. കണ്ണൂർ ജില്ലയിലെ തലശ്ശേരി തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല, അതിയന്നൂർ കൊല്ലം ജില്ലയിലെ മുഖത്തല, അമ്പലപ്പുഴ, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി എന്നീ ബ്ലോക്കുകൾ "ക്രിട്ടിക്കൽ മേഖലയിലും എറണാകുളം ജില്ലയിലെ പാമ്പാക്കുട, പറവൂർ, മുളന്തുരുത്തി, തൃശ്ശൂർ ജില്ലയിലെ മാള, കോഴിക്കോട് ജില്ലയിലെ, കോഴിക്കോട്, തിരുവനന്തപുരം ജില്ലയിലെ, നേമം എന്നീ ബ്ലോക്കുകൾ" സെമിക്രിട്ടിക്കൽ" ബ്ലോക്കുകളിലും പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly